**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2059** 05.10.2016 ന് മറുപടിയ്ക്ക്

**മദ്യത്തിന്റെ ഉപയോഗത്തിനെതിരായുള്ള ബോധവത്കരണ പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>,, എം. നൗഷാദ്<br>,, ബി.സത്യൻ<br>,, ഒ.ആർ.കേളു | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മദ്യത്തിന്റെ ഉപയോഗത്തിനെതിരായുള്ള ബോധവത്കരണ പരിപാടികൾ എത്രത്തോളം ഫലപ്രദമാകുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഫലപ്രദമാണ്. മദ്യത്തിനും-മയക്കുമരുന്നിനും എതിരായാണ് എക്സൈസ് വകുപ്പ് ബോധവത്കരണ പ്രവർത്തനം നടത്തുന്നത്. വിദ്യാർത്ഥി സമൂഹത്തിലും ആദിവാസി കോളനികളിലും എക്സൈസ് വകുപ്പ് നടത്തി വരുന്ന ബോധവത്കരണ പ്രവർത്തനങ്ങൾക്ക് നല്ല പ്രതികരണമാണ് പൊതുജനങ്ങൾക്കിടയിൽ നിന്നും ലഭിച്ചുവരുന്നത്. വിദ്യാർത്ഥികൾക്കിടയിൽ ലഹരിവിരുദ്ധ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 1735 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 258 ലഹരിവിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ബോധവത്കരണ പരിപാടികളുടെ ഫലമായി സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞിട്ടുണ്ടോ ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെയും, ബോധവത്കരണത്തിന്റെയും ഫലമായി സംസ്ഥാനത്ത് വ്യാജ മദ്യത്തിന്റെ വ്യാപനത്തിൽ കുറവ് ഉണ്ടായത് മദ്യത്തിന്റെ ഉപഭോഗ തോത് വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെങ്കിലും 2015-ൽ മദ്യ ഉപഭോഗത്തിന്റെ തോത് കുറഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ 2016-ൽ നേരിയ തോതിലുള്ള വർദ്ധനവ് മദ്യഉപഭോഗത്തിൽ ഉണ്ടായിട്ടുണ്ട്. 2015-2016 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മദ്യവില്പന നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതേ കാലയളവു മായി താരതമ്യം ചെയ്താൽ വിദേശമദ്യത്തിൽ 4% ത്തിന്റേയും ബിയറിൽ 2% ത്തിന്റേയും വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കണക്കുകൾ വ്യക്തമാക്കുന്നു. |
| (സി) | ഈ കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനത്ത് എത്ര രൂപയുടെ മദ്യവില്പന നടന്നിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ? | (സി) | കഴിഞ്ഞ ഓണക്കാലത്ത് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വിൽപ്പനശാലകൾ വഴി 10 ദിവസംകൊണ്ട് ലഭിച്ച വിറ്റ് വരവ് 494.12/- കോടി രൂപയും കൺസ്യൂമർ ഫെഡ് ചില്ലറ വിൽപ്പനശാല വഴി ലഭിച്ച വിറ്റുവരവ് 22.1386/- കോടി രൂപയുമാണ്. |

**സെക്ഷൻ ഓഫീസർ**